**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1026** **14-10-2026-ൽ മറുപടിയ്ക്ക്**

**ഇടനിലക്കാരെ ഒഴിവാക്കിയുള്ള മത്സ്യ വിപണനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് ഒഴിവാക്കുന്നതിനും അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നതിനുമായി മുൻ സർക്കാർ കൊണ്ടുവന്ന നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

**മറുപടി:** ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം സമിതികളുടെ യോഗങ്ങൾ ചേർന്നു വരുന്നുണ്ട്.

**(ബി)** മത്സ്യബോർഡിനും മത്സ്യഫെഡിനും നിയമപ്രകാരം വകയിരുത്തിയ തുക യഥാസമയം ലഭ്യമാക്കുന്നതിനായി ഏർപ്പെടുത്തുന്ന ഓൺലൈൻ സംവിധാനം എന്നത്തേക്ക് യാഥാർഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; നിലവിലെ സ്ഥിതി വിശദമാക്കുമോ;

**മറുപടി:** മത്സ്യബോർഡിന് സർക്കാർ വകയിരുത്തുന്ന തുക യഥാസമയം ലഭ്യമാകുന്നതിനുള്ള ഓൺലൈൻ സംവിധാനം മത്സ്യബോർഡിൽ നടപ്പാക്കിയിട്ടില്ല. എന്നാൽ, സർക്കാർ ഗ്രാന്റുകളും മറ്റ് ധനസഹായങ്ങളും വകുപ്പ് അദ്ധ്യക്ഷൻ മുഖാന്തിരം മത്സ്യബോർഡിന്റെ പ്ലാൻ ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിൽ ലഭ്യമാക്കി, ട്രഷറി വകുപ്പ് മുഖേനെ ബന്ധപെട്ട ഗുണഭോക്താകൾക്ക് ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) സംവിധാനം മുഖേനയാണ് വിതരണം ചെയ്യുന്നത്. മത്സ്യബോർഡ് മുഖേന അനുവദിക്കുന്ന വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ തുകകളും തണൽ, സാന്ത്വനതീരം തുടങ്ങിയ സർക്കാർ പദ്ധതികളിലൂടെയുള്ള മുഴുവൻ ധനസഹായവും ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) സംവിധാനം മുഖേനയാണ് വിതരണം ചെയ്യുന്നത്.

മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന കേന്ദ്രവിഷകൃത പദ്ധതികളായ PMMSY പദ്ധതി നടപ്പിലാക്കുന്നതിന് SNA SPARSH എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിലൂടെ പദ്ധതിതുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് നൽകാനും കഴിയുന്നുണ്ട്.

സംസ്ഥാന സർക്കാർ പദ്ധതികളുടെ തുക PSTSB (പ്ലാൻ സ്കീം സേവിങ്ങ്സ് ബാങ്ക്) അക്കൗണ്ട് വഴി ലഭ്യമാക്കുന്ന രീതിയാണ് നിലവിലുള്ളത്.

**(സി)** മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് മത്സ്യഗുണനിലവാര പരിശോധന ടീം പരിശോധനകൾ നടത്തുന്നു.

**സെക്ഷൻ ഓഫീസർ**